# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 775 — 28.02.2018 ലെ മറുപടി

## ജലസംഭരണികളിലെ മാലിന്യം നീക്കം ചെയ്യാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ വിവിധ കുടിവെള്ള സംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള കല്ലും മണ്ണും തടികളും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത്, സംഭരണികളുടെ ആഴം കൂട്ടി, കൂടുതൽ ജലം സംഭരിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ഇവ നീക്കം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ഇല്ല. എന്നാൽ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മറ്റും നീക്കം ചെയ്ത് സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും, ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനുമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് (SOP) 26.09.2017-ലെ ജി.ഒ(എം.എസ്) നം.79/17/ജവിവ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) മാലിന്യങ്ങൾ അടിഞ്ഞുകൂടിയതുമൂലം, പല സ്ഥലങ്ങളിലും ശക്തമായ മഴക്കാലത്ത് കൂടുതൽ ജലം എത്തിച്ചേരുമ്പോൾ സംഭരണി തുറന്ന് വിടുന്ന അവസ്ഥ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ജലസംഭരണികളിൽ പൂർണ്ണ സംഭരണ-ശേഷി കവിയുമ്പോൾ സ്പിൽവേ തുറന്നുവിടാറുണ്ട്. |

**സെക്ഷൻ ഓഫീസർ**